# 'നീര ഉൽപാദനത്തിന് തൊഴിലാളികൾ അനുകൂലമല്ല'

കോഴിക്കോട് ● നീര ഉൽപാദനത്തിനു തൊഴിലാളികൾ അനുകൂലമാണെന്ന വാദം തെറ്റാണെന്ന് കേരള സംസ്ഥാന കള്ളു ചെത്തു വ്യവസായ തൊഴിലാളി ഫെഡറേഷൻ (സിഐടിയു). നീര ഉൽപാദിപ്പിക്കുന്നതിന്റെ ചെലവോ നീര എത്ര വിലയ്ക്കു വിൽക്കാൻ കഴിയുമെന്നതു സംബന്ധിച്ചോ കൃത്യമായ പഠനം നടത്താതെ നീര ഉൽപാദനം വലിയ ലാഭം നൽകുമെന്നു പറയുന്നതിനെ അംഗീകരിക്കാൻ കഴിയില്ലെന്ന് സംസ്ഥാന പ്രസിഡന്റ് കെ.എം. സുധാകരൻ പറഞ്ഞു. നീര ചെത്തുന്ന തൊഴിലാളിക്ക് 300 രൂപ കൂലിയെന്നതും അംഗീകരിക്കാൻ കഴിയില്ല. ആ കൂലിക്കു ചെത്താൻ തൊഴിലാളികളെ കിട്ടില്ല. നീര ഉൽപാദനം വിദേശ മദ്യ ലോബിയെ സഹായിക്കാനാണ്. നീര ഉൽപാദനം വഴി പരമ്പരാഗത ചെത്തു സമ്പ്രദായം നിർത്തലാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. മദ്യ വിരുദ്ധ സമിതിയും ഈ നീക്കത്തിനു പിന്നിലുണ്ടെന്നും സുധാകരൻ പറഞ്ഞു. പരീക്ഷണാടിസ്ഥാനത്തിൽ നീര ഉൽപാദിപ്പിച്ചു വിൽക്കണമെങ്കിൽ അത് സഹകരണ സംഘങ്ങളെ ഏൽപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

നീര ഉൽപാദനവും വിപണനവും പ്രായോഗികമോ എന്ന വിഷയത്തിൽ ഫെഡറേഷൻ കോഴിക്കോട്, തൃശൂർ, ആലപ്പുഴ ജില്ലകളിൽ സെമിനാർ നടത്തും. ആറിനു രാവിലെ 11ന് കോഴിക്കോട് ടൗൺഹാളിൽ സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം സെമിനാർ ഉദ്ഘാടനം ചെയ്യും. 10ന് തൃശൂരും 16ന് ആലപ്പുഴയിലും സെമിനാർ നടക്കും.